**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4326** **28-10-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ കെ.എസ്.ഇ.ബി. പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിൽ 2016 മേയ് മുതൽ 2021 മാർച്ച് വരെ കെ.എസ്.ഇ.ബി. നടപ്പാക്കിയ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണെന്നും അറിയിക്കാമോ? | (എ) | മണലൂർ മണ്ഡലത്തിൽ 2016 മെയ് മുതൽ 2021 മാർച്ച് വരെ, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, 2016 മുതൽ 2018 വരെ KSEBL ന്റെ തനതു ഫണ്ടുപയോഗിച്ചു നടത്തിയ പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി, ഉപഭോക്താ- ക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018 മുതൽ KSEBL ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന “ദ്യുതി”പദ്ധതി, തദ്ദേശ സ്വയം ഭരണസ്ഥാപ നങ്ങളുടെ സഹായത്തോടു കൂടി നടത്തുന്ന PPS പദ്ധതി, റീബിൽഡ് കേരള പദ്ധതി തുടങ്ങിയവയിൽ ഉൾപ്പെടുത്തി 2119.19 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു. Attachment (A) കൂടാതെ മണലൂർ മണ്ഡലത്തിലെ വൈദ്യുതി പ്രസരണ മേഖലയിൽ 2016 മെയ് മുതൽ 2021 മാർച്ച് വരെ കെ.എസ്.ഇ.ബി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു. (i) പറപ്പൂർ 33 kV സബ്സ്റ്റേഷനിൽ നിന്നും മുല്ലശ്ശേരി 33 kV സബ്സ്റ്റേഷനിലേക്കുള്ള 33 kV സിങ്കിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണം. ഭരണാനുമതി നല്കിയ തുക – 1.92 കോടി രൂപ. (ii) 110kV വലപ്പാട് – കണ്ടശ്ശാംകടവ് ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണം. ഭരണാനുമതി നല്കിയ തുക – 410 ലക്ഷം രൂപ. (iii) മുല്ലശ്ശേരി 33 kV സബ്സ്റ്റേഷനിൽ ഒരു പുതിയ 33/11kV 5 MVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. ഭരണാനുമതി നല്കിയ തുക – 112 ലക്ഷം രൂപ. സൗര പദ്ധതിയിലൂടെ മണലൂർ മണ്ഡലത്തിൽ KSEBL 2019-21 കാലയളവിൽ നടപ്പാക്കിയ പ്രവൃത്തികൾ താഴെപറയുന്നു. ഫേസ് I നോൺ |

| | | | |
|---|---|---|---|
| | | | സബ്സിഡി സ്കീമിൽ 3902. പേർ രജിസ്റ്റർ ചെയ്തു. ഇതിൽ 14 സൈറ്റുകളുടെ പണി പൂർത്തിയായി (90kW). ഫേസ് II സബ്സിഡി സ്കീമിൽ 197 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് (668kW). അടങ്കൽ തുക – 45,00,000/- |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | DDUGJY പദ്ധതി | 292.861 |
| 2 | സമ്പൂർണ്ണ വൈദ്യുതീ- കരണ പദ്ധതി | 44.9 |
| 3 | PPS പദ്ധതി | 124.526 |
| 4 | റീബിൽഡ് കേരള പദ്ധതി | 38.34 |
| 5 | 2016 മുതൽ 2018 വരെ KSEBL ന്റെ തനതു ഫണ്ടു പയോഗിച്ചു നടത്തിയ പദ്ധതി, 2018 മുതൽ KSEBL ന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ദ്യുതി പദ്ധതി | 1618.558 |
| **ആകെ** | | **2119.19** |